പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.355 10/03/2015-ൽ മറുപടിക്ക്

## എൽ.ആന്റ് ടി.യിൽ നിന്നും വാങ്ങിയ വൈദ്യുത മീറ്ററുകൾ.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീമതി.ഇ.എസ്. ബിജിമോൾ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. ഇ.കെ. വിജയൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) അതിദ്രുത വൈദ്യുത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എൽ ആന്റ് ടി.യിൽ നിന്നും വൈദ്യുത മീറ്ററുകൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര മീറ്ററുകൾ വാങ്ങി; | (എ) ടേൺ കീ വ്യവസ്ഥയിൽ പ്രവൃത്തികൾ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP) പ്രകാരം കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ടേൺ കീ കോൺട്രാക്ടർമാരായ എൻ.സി.സി. ലിമിറ്റഡ് ഹൈദരാബാദും എൽ & ടി ചെന്നൈയും, എൽ & ടി നിർമ്മിത ഇലക്ട്രോണിക് വൈദ്യുതി മീറ്ററുകൾ വാങ്ങി പദ്ധതി പ്രദേശത്തെ കേടായ പഴക്കമുള്ള മീറ്ററുകൾ അവർ തന്നെ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ഈ മീറ്ററുകൾക്ക് 5 വർഷം വരെ ഗ്യാരന്റി ഉണ്ട്. ഇതിൽ കോഴിക്കോട് പദ്ധതിയ്ക്കായി 56,025 എണ്ണം സിംഗിൾ ഫേസ് മീറ്ററും 1,579 എണ്ണം ത്രീ ഫേസ് മീറ്ററും ആണ് ഉപയോഗിച്ചത്.<br>കൊച്ചി പദ്ധതിയ്ക്കായി 1,60,000 സിംഗിൾ ഫേസ് മീറ്ററുകളും 13,500 ത്രീ ഫേസ് മീറ്ററുകളും ഉപയോഗിയ്ക്കും. |
| (ബി) ഇത്തരം മീറ്ററുകൾ വാങ്ങിയ വകയിൽ ക്രമക്കേട് നടന്നിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ; | (ബി) പ്രസ്തുത കമ്പനികൾ ടി മീറ്ററുകൾ വാങ്ങിയ വകയിൽ ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (സി) ഈ മീറ്ററുകൾ ഗുണനിലവാരമില്ലാത്തതാണെന്ന് മീറ്റർ പരിശോധനാ കേന്ദ്രങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടോ; ഏങ്കിൽ എന്തെല്ലാം ന്യൂനതകളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) ഇതുവരെ ന്യൂനതകൾ കണ്ടുപിടിച്ചിട്ടില്ല. |
| (ഡി) ഇതുമൂലം ഗാർഹിക വൈദ്യുത ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തു നടപടികളാണുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ